പത്രക്കുറിപ്പ്
10-11-17

# സ്നേഹിത പ്രവർത്തനങ്ങൾ ഇനി എല്ലാ ജില്ലകളിലും

തിരുവനന്തപുരം- ഗാർഹിക പീഢനമുൾപ്പെടെയുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശ്രയ കേന്ദ്രമായ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നു. കുടുംബശ്രീ നടപ്പിലാക്കുന്ന ഈ പദ്ധതി ഇതുവരെ കേരളത്തിൽ ആറ് ജില്ലകളിൽ മാത്രമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ശേഷിച്ച എട്ട് ജില്ലകളിലും സ്നേഹിത കേന്ദ്രങ്ങൾ തുടങ്ങാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് നിരവധി സഹായങ്ങളാണ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്ക് ഒരുക്കി നൽകുന്നത്. തങ്ങളെ സമീപിക്കുന്ന സ്ത്രീകൾക്ക് മാനസികമായ പിന്തുണ നൽകുന്നു, അതിനൊപ്പം തന്നെ അവർക്ക് വേണ്ട നിയമ സഹായം, കൗൺസിലിങ് തുടങ്ങിയ സേവനങ്ങളും സ്നേഹിതയിലുണ്ട്. ഇതിൽ ഏറ്റവും പ്രധാനം സ്ത്രീകൾക്കും കുട്ടികൾക്കും താത്ക്കാലിക അഭയവും സ്നേഹിത ഒരുക്കി നൽകുന്നു എന്നതാണ്. ഇതിനെല്ലാം പുറമേ നിരവധി ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഫാമിലി കൗൺസിലിങ്, ടെലിഫോൺ വഴിയുള്ള കൗൺസിലിങ് എന്നീ സേവനങ്ങളും സ്നേഹിത വഴിയേകുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് സ്നേഹിതയെന്നതാണ് മറ്റൊരു പ്രത്യേകത.

ശിശുക്ഷേമ സമിതി, പോലീസ്, സാമൂഹിക നീതി എന്നീ വകുപ്പുകളുമായി സംയോജിച്ചാണ് സ്നേഹിതയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 2017 ഒക്ടോബർ 31 വരെ 8501 സ്ത്രീകൾക്ക് സനേഹിത സേവനങ്ങൾ നൽകി കഴിഞ്ഞു. ഇതിൽ 5130 പേർ ഫോൺ വഴിയാണ് സ്നേഹിതയുടെ സേവനം തേടിയത്. 1906 സ്ത്രീകൾക്ക് ഷോർട്ട് ഷെൽറ്റർ ഹോം സേവനവും നൽകി.

തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലായിരുന്നു തുടക്കത്തിൽ സ്നേഹിത പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, കൊല്ലം, തൃശൂർ, കണ്ണൂർ, ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകളിലും സ്നേഹിത പൂർണ്ണ സജ്ജമായി പ്രവർത്തനം തുടങ്ങാൻ തയാറായി കഴിഞ്ഞു. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ടോൾഫ്രീ സൗകര്യമുണ്ട്. 2013 ഓഗസ്റ്റിലാണ് സംസ്ഥാനത്ത് സ്നേഹിത ജെൻഡൽ ഹെൽപ്പ് ഡെസ്ക്ക് ആരംഭിക്കുന്നത്. തുടക്കത്തിൽ എറണാകുളം, മലപ്പുറം, തിരുവനന്തപുരം ജില്ലകളിലായിരുന്നു പ്രവർത്തനം. 2015 മാർച്ചിൽ ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലും സ്നേഹിത പ്രവർത്തനം തുടങ്ങി.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ